II ഇ.ബി. XII കേരള നിയമസഭ/IX- 1

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നൽകിയ ഉത്തരങ്ങൾ - സംഗ്രഹം

2008 നവംബർ 24 തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

1 (*1) ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ടെക്നോപാർക്കും ഇൻഫോപാർക്കും സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം, എറണാകുളം ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും സർക്കാർ മുൻകയ്യെടുത്ത് ഐ.ടി.പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൊല്ലം ജില്ലയിലെ മുളവന, ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം, കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട്, പന്തീരങ്കാവ്, തൃശൂർ ജില്ലയിലെ മുരിങ്ങൂർ, തെക്കേകുറി എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. ആലപ്പുഴ, കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഐ.ടി. പാർക്കുകൾക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ

സൈബർ പാർക്ക് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൈബർ പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു ചേർത്തല ഐ.ടി. പാർക്കിനുള്ള മാസ്റ്റർ പ്ളാൻ അംഗീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. അമ്പലപ്പുഴ ഐ.ടി. പാർക്കിന്റെ മാസ്റ്റർ പ്ളാൻ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസുമായി ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിനും ഇൻഫോ പാർക്കിനും ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും പുതിയ ഐ.ടി.. പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നവർക്കും ലഭിക്കുന്നതാണ്. ലോക സാമ്പത്തികസ്ഥിതിയിൽ വന്നിരിക്കുന്ന മാന്ദ്യം കേരളത്തേയും ബാധിക്കാനിടയുണ്ടെന്ന് ഐ.ടി. സ്ഥാപന ഉടമകൾ ഗവൺമെന്റിന് സൂചന നൽകിയിട്ടുണ്ട്. ഐ.ടി. മേഖലയിലെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനായി ഐ.ടി. ഉടമകളുമായി ഗവണ്മെന്റ് ചർച്ച നടത്തിയിട്ടുണ്ട്. സ്വതന്ത്രസോഫ്റ്റ്വെയർ സംവിധാനത്തിന് നല്ല പ്രചാരണം കൊടുക്കുന്നതാണ്. സംസ്ഥാനത്ത് ആരംഭിക്കുന്ന ഐ.ടി. സംരംഭങ്ങളിൽ പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കാൻ ശ്രമിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ കൂടുതൽ സംരക്ഷിക്കാൻ സഹായകമായ വ്യവസ്ഥകളടങ്ങിയ കരാറിലാണ് ഈ സർക്കാർ ഏർപ്പെട്ടിരിക്കുന്നതെന്ന് ഒരുപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) &(*11). റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, എ.പി.എൽ. അരി വിഹിതത്തിൽ 2007 ഏപ്രിൽ മുതൽ 92,086 മെട്രിക് ടണ്ണിന്റെയും ഗോതമ്പിന്റെ വിഹിതത്തിൽ 2006 മേയ് മുതൽ 25,448 മെട്രിക് ടണ്ണിന്റെയും കുറവ് വരുത്തിയതായി പറഞ്ഞു. 17,056 മെട്രിക് ടൺ അരിയും 11,777 മെട്രിക് ടൺ ഗോതമ്പുമാണ് ഇപ്പോൾ ലഭിക്കുന്നത്. ബി.പി.എൽ അരി 26,591 മെട്രിക് ടണ്ണിൽ നിന്നും 27 മെട്രിക് ടൺ കുറയ്ക്കുകയും ഗോതമ്പ് 8,865 മെട്രിക് ടണ്ണിൽ നിന്നും 1,902 മെട്രിക് ടൺ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ സമർപ്പിക്കുകയും സംസ്ഥാന മന്ത്രിമാരും എം.എൽ.എ.മാരും എം.പി.മാരും പാർലമെന്റിനു പുറത്ത് പ്രതിഷേധം രേഖപ്പെടുത്തുകയും എം.പി.-മാർ പാർലമെന്റിനകത്തും പുറത്തും പ്രക്ഷോഭം നടത്തുകയും ചെയ്തിട്ടുണ്ട്. റേഷൻ വിഹിതം പുന:സ്ഥാപിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാന മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. 2008 ഡിസംബർ മുതൽ 2009 മാർച്ച് വരെ പ്രതിമാസം 11,000 മെട്രിക് ടൺ എ.പി.എൽ അരി താൽക്കാലിക വിഹിതമായി അനുവദിച്ചിട്ടുണ്ട്. എ.പി.എൽ. വിഭാഗത്തിന് കാർഡൊന്നിന് പ്രതിമാസം 27 കിലോഗ്രാം അരി ഉൾപ്പെടെ 35 കിലോഗ്രാം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട്. ഇപ്പോൾ 8 കിലോഗ്രാം അരിയേ നൽകാൻ കഴിയുന്നുള്ളൂ. ബി.പി.എൽ പദ്ധതി പ്രകാരം 26,566 മെട്രിക് ടൺ അരിയും എ.എ.വൈ. പദ്ധതി പ്രകാരം 20,855 മെട്രിക് ടൺ അരിയും അന്നപൂർണ്ണ പദ്ധതി പ്രകാരം 450 മെട്രിക് ടൺ അരിയും അനുവദിച്ചു കിട്ടുന്നുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകത അനു

സരിച്ച് ഇപ്പോൾ മണ്ണെണ്ണയും പാചകവാതകവും ലഭിക്കുന്നില്ല. വിളക്കു കത്തിക്കുന്നതിനും പാചക ആവശ്യത്തിനുമാണ് കേന്ദ്ര സർക്കാർ പൊതുവിതരണത്തിനായി മണ്ണെണ്ണ നൽകുന്നത്. ഇതിൽ നിന്നുമാണ് കാർഷികാവശ്യത്തിനും മത്സ്യബന്ധനത്തിനും സംസ്ഥാന സർക്കാർ മണ്ണെണ്ണ വിതരണം നടത്തുന്നത്. കാർഷികാവശ്യത്തിനും മത്സ്യബന്ധനത്തിനും പ്രത്യേക ക്വാട്ട ഇല്ല. അരിയുടെ ക്ഷാമം അനുഭവപ്പെട്ട സന്ദർഭത്തിൽ ആന്ധ്രാപ്രദേശ്, ബംഗാൾ എന്നിവിടങ്ങളിൽ നിന്ന് അരി എത്തിക്കുകയും സബ്സിഡി നിരക്കിൽ കിലോഗ്രാമിന് 13.50 രൂപയ്ക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാവേലി സ്റ്റോറുകൾ വഴിയും റേഷൻ കടകൾ വഴിയും കിലോഗ്രാമിന് 14.00 രൂപയ്ക്ക് കുത്തരി വിതരണം ചെയ്തു. ഡിസംബർ 15 മുതൽ ക്രിസ്തുമസ് ബസാറുകൾ ആരംഭിക്കുന്നതാണ്. ഇൻഡ്യയിലാകെയുള്ള മാനദണ്ഡമാണ് കേരളത്തിൽ ബാധമാക്കിയിട്ടുള്ളത്. ബി. പി.എൽ. ലിസ്റ്റ് ഗ്രാമസഭകളിലും പഞ്ചായത്തുകളിലും പരിശോധിച്ചു വരികയാണ്. അപ്പീലുകൾ ജില്ലാ കളക്ടർ പരിശോധിക്കുന്നതാണ്. എ.പി.എൽ. അരിവിഹിതം കേന്ദ്രം നിർത്താൻ പോകുന്നതായാണ് അറിയുന്നത്. മൽസ്യബന്ധനത്തിന് മണ്ണെണ്ണ അനുവദിക്കാൻ കഴിയില്ലെന്നാണ് കേന്ദ്ര നിലപാട്. സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണത്തിനുള്ള അരിയിൽ മിച്ചം വരുന്നത് കുട്ടികൾക്ക് തന്നെ വിതരണം ചെയ്യുന്നുണ്ട്. ഓപ്പൺ മാർക്കറ്റിലുള്ളതിനേക്കാൾ വില കുറച്ചാണ് ശബരി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത്. കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ച് കേന്ദ്രം അംഗീകരിച്ചിരിക്കുന്ന ബി.പി.എൽ. മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് നിവേദനം കൊടുത്തിട്ടുണ്ട്.

3(*3). <u>അളവുതൂക്ക കുറ്റകൃത്യങ്ങൾ.</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഉപഭോക്തൃ സംരക്ഷണത്തിനായി അളവു തൂക്ക കുറ്റ കൃത്യങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് പ്രവർത്തിച്ചു വരുന്നതായി സഭയെ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ മേഖലകളിലും ഉപയോഗിക്കുന്ന അളവു തൂക്ക ഉപകരണങ്ങൾ കൃത്യ മാണെന്ന് ഉറപ്പ് വരുത്തി ലീഗൽ മെട്രോളജി വകുപ്പ് കൃത്യതയുടെ മുദ്ര പതി പ്പിച്ച് നൽകുന്നുണ്ട്. അളവു തൂക്ക ഉപകരണങ്ങൾ മുദ്രപതിപ്പിക്കാതെ ഉപ യോഗിക്കുന്നവർക്കെതിരെയും പരിശോധനയ്ക്ക് വിധേയരാക്കാത്തവർക്കെ തിരെയും വിൽക്കുന്ന സാധനങ്ങളുടെ പരമാവധി ചില്ലറ വില (എം.ആർ.പി), അളവ്, തൂക്കം എന്നിവയിൽ കൃത്രിമം കാണിക്കുന്നവർക്കെതിരെയും നടപടി സ്വീകരിച്ചു വരുന്നു. 1977-ലെ പാക്കേജ്ഡ് കമ്മോഡിറ്റി ചട്ടങ്ങളുടെ ലംഘന ത്തിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. അളവുതൂക്ക കുറ്റ കൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടി ലീഗൽ മെട്രോ ളജി അസിസ്റ്റന്റ് കൺട്രോളർമാരുടെ നേതൃത്വത്തിൽ ഫ്ളയിംഗ് സ്ക്വാഡു കൾ ജില്ലാ തലത്തിൽ പരിശോധനകൾ നടത്തി വരുന്നു. 2008 ജനുവരി മുതൽ മൊത്തം 18960 കേസ്സുകളിലായി 4 കോടി രൂപ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡും പരിശോധന കൾ നടത്തി വരുന്നുണ്ട്. അളവ് തൂക്ക കുറ്റകൃത്യങ്ങളുടെ പേരിൽ 2008 ജനു വരി മുതൽ ഒക്ടോബർ വരെ 18960 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉത്സവ സീസണുകളിൽ അളവു തൂക്ക കുറ്റകൃത്യങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച്

പ്രവർത്തിക്കുന്നുണ്ട്. വെയ് ബ്രിഡ്ജിലെ കൃത്രിമങ്ങൾ തടയുന്നതിനായി പരിശോധനകൾ നടത്തുന്നതാണ്. സ്വർണ്ണത്തിന്റെ മാറ്റ് പരിശോധിക്കുന്നതിനായി എറണാകുളത്ത് ഒരു ലബോറട്ടറി സ്ഥാപിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 175 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)